അന്തരിച്ചു

എം. നാരായണൻ

മാവുങ്കാൽ: വ്യാപാരി വ്യവസായി ഏകോപന സമിതി മാവുങ്കാൽ യൂണിറ്റ് അംഗവും ആനന്ദാശ്രമത്തെ നാരായണസ്റ്റോർ ഉടമയുമായ എം. നാരായണൻ (64) അന്തരിച്ചു. അസുഖത്തെ തുടർന്ന് ദീർഘനാളായി ചികിത്സയിലായിരുന്നു.

ഇന്നലെ വൈകിട്ട് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. മാവുങ്കാൽ മണ്ണട്ട സ്വദേശിയാണ്. മണ്ണട്ട കുന്നുമ്മലിലെ പരേതനായ കുഞ്ഞക്കന്റെയും പാറ്റയുടെ മകനാണ്. ഭാര്യ: ബേബി. മക്കൾ: ബീന, ബിന്ധ്യ, ബിനി. മരുമക്കൾ: അനിൽകുമാർ (സിവിൽ പൊലീസ് ഓഫീസർ ആദൂർ), അമിത് മധൂർ (അർച്ചന ഇലക്ട്രോണിക്സ് കാസർകോട്), മഹേന്ദ്രൻ തൈക്കടപ്പുറം (ഗൾഫ്).സഹോദരങ്ങൾ: സരോജിനി (കൊടവലം), മാധവി, നാരായണി (ഇരുവരും മണ്ണട്ട), ശാന്ത(നീലേശ്വരം), പരേതരായ ഭരതൻ, വേണുഗോപാലൻ. പരേതനോടുള്ള ആദരസൂചകമായി വ്യാപാരി വ്യവസായി ഏകോപനസമിതി മാവുങ്കാൽ യൂണിറ്റിലെ മുഴുവൻ കടകളും ഇന്ന് രാവിലെ 11.30 വരെ ഹർത്താൽ ആചരിച്ചു.

പട്ളം അബ്ദുള്ള

ചെർക്കള:മുസ്ലീം ലീഗ് നേതാവും ദീർഘകാലം ചെർക്കള വാർഡ് ലീഗ് പ്രസിഡന്റുമായിരുന്ന വെസ്റ്റ് പൊടിപ്പള്ളത്തെ പട്ളം അബ്ദുള്ള (80) അന്തരിച്ചു. ചെർക്കള മുഹ്യദ്ദീൻ വലിയ ജമാഅത്ത് കമ്മിറ്റി അംഗം, പൊടിപ്പള്ളം ബിലാൽ മസ്ജിദ് കമ്മിറ്റി വൈസ് പ്രസിഡണ്ട്, മുട്ടത്തൊടി സഹകരണ ബാങ്ക് ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഭാര്യ: ഖദീജ. മക്കൾ:ഹനീഫ് പട്ളം,ഷാഹുൽ ഹമീദ് മൗലവി,നജ്മുന്നിസ,നസീറ,റയ്ഹാനത്ത്,റജീല,പവീന.മരുമക്കൾ: അബ്ദുള്ള എഫ്, മജീദ് മാന്യ, സത്താർ പട്ളം,റഫീഖ് ഉദുമ, നാസർ കുമ്പള, ശുഹൈന മൊഗ്രാൽ. സഹോദങ്ങൾ:പരേതനായ കുഞ്ഞഹമ്മദ് പട്ളം,അയിഷ,ഖദീജ.

കെ.ജെ.തോമസ്

മാവുങ്കാൽ: റിട്ടയേർഡ് പോസ്റ്റ് മാസ്റ്റർ മേലടുക്കത്തെ കെ. ജെ. തോമസ് കുളത്തുങ്കൽ (കുട്ടിയച്ചൻ, 67) അന്തരിച്ചു.

പാലാവയൽ അറയ്ക്കൽ കുടുംബാംഗം മേരിയാണ് ഭാര്യ. മക്കൾ: ഷിജി തോമസ് (അധ്യാപിക), റിജേഷ് തോമസ് (എഞ്ചിനീയർ), സീനിയ തോമസ് (ബാങ്ക്). മരുമക്കൾ: ബോബി ജോസഫ്, ലീജ മാത്യു (എഞ്ചി.), പ്രദീപ് വിൻസെന്റ് (ലണ്ടൻ). സഹോദരങ്ങൾ: കുട്ടിയമ്മ, മേരി, ജോണി, ലാലി, ലിസമ്മ.

ബി.കുഞ്ഞിക്കൃഷ്ണൻ

അഡൂർ: പാണ്ടി ബളവന്തടുക്കയിലെ ബി. കുഞ്ഞിക്കൃഷ്ണൻ (74) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: ബി.കെ.ശ്യാമള, ബി.സതീശൻ, ബി.കെ.വത്സല, ബി.കെ. രതീശൻ, ബി.കെ.റിജേഷ് (ഇരുവരും ദുബായ്), പരേതനായ ബി.കെ.ബാബു. മരുമക്കൾ: പി. ശ്രീധരൻ, എൻ. ചന്ദ്രൻ, എൻ.അനിത, സരസ്വതി, എ. അനുപമ, ശ്രീവിദ്യ. സഹോദരങ്ങൾ: ജാനകി, പരേതരായ ചപ്പില, ചിറ്റെ, ദേവകി.

പൊലീസുകാരന്റെ മാതൃകാ പ്രവർത്തനത്തിന് അനുമോദനം

റോഡപകടത്തിൽ ഗുരുതരമായി പരിക്കേറ്റയാളെ പൊലീസുകാരൻ ആശുപത്രിയിലെത്തിച്ചു

മുളിയാർ പാലത്തിനടുത്ത് പിക്കപ്പ് വാനിടിച്ചതിനെത്തുടർന്നു സ്കൂട്ടറിൽ നിന്നു തെറിച്ചു വീണ പരവനടുക്കം സ്വദേശി റോഡിൽ

ബോവിക്കാനം: മുച്ചക്ര സ്കൂട്ടറും പിക്കപ്പ് വാനും കൂട്ടിയിടിച്ച് പരിക്കേറ്റ് സ്കൂട്ടർ യാത്രക്കാരനായ ലോട്ടറി വിൽപ്പനക്കാരനെ മംഗലാപുരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പരവനടുക്കത്തെ രാമകൃഷ്ണ(57)നാണ് പരിക്കേറ്റത്. ഇന്നലെ രാവിലെ കാസർകോട് നിന്നു മുള്ളേരിയയ്ക്കു പോകുന്നതിനിടയിലായിരുന്നു അപകടം. മുളിയാർ പാലത്തിനടുത്തുണ്ടായ അപകടത്തിൽ റോഡിലേക്കു തെറിച്ചു വീണ രാമകൃഷ്ണനെ അതുവഴി വരുകയായിരുന്ന ആദൂർ പൊലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പൊലീസ് ഓഫീസർ വെള്ളിക്കോത്തെ പി.വി.രാജേഷ് കുമാറാണ് കാസർകോട്ടെ ആശുപത്രിയിലെത്തിച്ചത്. തുടർന്നു ബന്ധുക്കളെ വിവരമറിയിച്ചു. ബന്ധുക്കളെത്തി മംഗലാപുരത്തേക്കു കൊണ്ടുപോവുകയായിരുന്നു. പൊലീസുദ്യോഗസ്ഥന്റെ മനുഷ്യത്വപരമായ പ്രവർത്തനം ജനങ്ങൾക്ക് ആവേശം പകർന്നു.

സ്വർണ്ണക്കടത്തു കേസിൽ മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടു ഡി സി സി ഓഫീസിൽ യു ഡി എഫ് ആരംഭിച്ച സത്യാഗ്രഹം രാജ് മോഹൻ ഉണ്ണിത്താൻ എം പി ഉദ്ഘാടനം ചെയ്യുന്നു

കാശ്മീരിൽ ജവാനെ ഭീകരർ തട്ടിക്കൊണ്ടുപോയി

ശ്രീനഗർ: കുൽഗാമിൽ ടെറിട്ടോറിയൽ ആർമി ജവാനെ ഭീകരർ തട്ടിക്കൊണ്ടുപോയി. വീട് അക്രമിച്ച ശേഷമായിരുന്നു തട്ടിക്കൊണ്ടുപോകൽ. വീടിന് മുന്നിൽ നിർത്തിയിട്ടിരുന്ന കാറും കത്തിച്ചു. ഇന്നലെ രാത്രിയാണ് സംഭവം. ജവാനെ കണ്ടെത്താനുള്ള ശ്രമം തുടരുന്നു.

ആദരിച്ചു

മാവുങ്കാൽ: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് നൂതന മുഖാവരണമായ ' ത്രാണ ' എന്ന പേരുള്ള ഉപകരണം കണ്ടു പിടിച്ച മാവുങ്കാൽ രാംനഗറിലെ സുധീർ പ്രഭുവിനെ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ ' സക്ഷമ ' ജില്ലാ കമ്മിറ്റി ആദരിച്ചു. ജില്ലാ പ്രസിഡന്റ് കെ.സുധാകരൻ ഉപഹാരം നൽകി. ജില്ലാ ട്രഷറർ ആർ.രഘുനാഥൻ നായർ ,സ ക്ഷമ ഹോസ്ദുർഗ്ഗ് താലൂക്ക് അധ്യക്ഷ ഗീതാ ബാബുരാജ്, പി.പത്മനാഭൻ ,കെ എം .ഗോപാലൻസംബന്ധിച്ചു.

ഹമീദ്

തൃക്കരിപ്പൂർ: മെട്ടമ്മലിലെ പരേതനായ എ.എം.സുലൈമാൻ–സൈനബ ദമ്പതികളുടെ മകൻ എ.പി.ടി. ഹമീദ് (61) അന്തരിച്ചു. ഭാര്യ: റസിയ. മക്കൾ: റസീന, നിഷാം, റുക്സാന, സൈനബ, മുസ്തഫ, അമീറ. മരുമകൻ: ഒ.ടി.സമീർ (ദുബൈ). സഹോദരങ്ങൾ: ശംസുദ്ദീൻ, അഷ്റഫ്, നാസർ, ഹാരിസ്, ജമീല, സുബൈദ.

ചിരുതക്കുഞ്ഞി

കാഞ്ഞങ്ങാട്: പടന്നക്കാട്, ജില്ല ആയുർവേദ ആശുപത്രിക്ക് സമീപത്തെ പരേതനായ കുഞ്ഞിക്കണ്ണന്റെ ഭാര്യ ചിരുതക്കുഞ്ഞി (90) അന്തരിച്ചു. മക്കൾ: ടി. രാജു, പി.കെ. ഇന്ദിര (റിട്ട. നേഴ്സിംങ് സൂപ്രണ്ട്) മനോഹരൻ (റിട്ട. ആർമി), അംബുജാക്ഷി, പരേതരായ. സുലോചന, അമൃതവല്ലി.

മരുമക്കൾ: നാരായണൻ, ബാലകൃഷ്ണൻ, തങ്കമണി, ലത, പരേതനായ പവിത്രൻ.

മുഖ്യമന്ത്രിയുടെ രാജി: യു.ഡി.എഫ് ജനപ്രതിനിധികൾ സത്യാഗ്രഹത്തിൽ

കാസർകോട്:മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് യു.ഡി.എഫ് ജനപ്രതിനിധികൾ സംസ്ഥാന വ്യാപകമായി സത്യാഗ്രഹ സമരം നടത്തി. കാസർകോട് ഡിസിസി ഓഫീസിൽ നടന്ന സത്യാഗ്രഹത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി, കെ.പി.സി.സി ജനറൽ സെക്രട്ടറി കെ.നീലകണ്ഠൻ, ഡിസിസി പ്രസിഡണ്ട് ഹക്കീം കുന്നിൽ തുടങ്ങിയവർ പങ്കെടുത്തു. ഘടകകക്ഷി ജനപ്രതിനിധികൾ അവരുടെ വീടുകളിലിരുന്നു സമരം നടത്തി.പാലത്തായി പീഡനക്കേസ്, പി.എസ്.സി തട്ടിപ്പ്, സ്വർണ്ണക്കടത്ത് കേസ് സിബിഐക്ക് വിടുക, മുഖ്യമന്ത്രി രാജി വയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

നീർച്ചാൽ വിഷ്ണുമൂർത്തി നഗറിലെ വാരിജക്ഷന്റെ വീട് തകർന്ന നിലയിൽ

നീർച്ചാലിൽ വീടു തകർന്ന് മാതാവിനും മകനും പരിക്കേറ്റു

നീർച്ചാൽ: നീർച്ചാൽ വിഷ്ണുമൂർത്തി നഗറിലെ വാരിജ(55), മകൻ സതീശൻ (31) എന്നിവർക്കാണ് പരിക്കേറ്റത്. ഇവർ ബദിയഡുക്ക സി.എച്ച്.സിയിൽ ചികിത്സ തേടി.

ഇന്നലെ രാത്രി രണ്ടു മണിയോടെയാണ് ഇവർ കിടന്നുറങ്ങുകയായിരുന്ന ഓടുമേഞ്ഞ വീടു തകർന്നത്. ശബ്ദം കേട്ട് ഞെട്ടിയുണർന്നു പുറത്തേക്ക് ഓടുന്നതിനിടയിൽ ഓടു വീണാണ് ഇവർക്കു പരിക്കേറ്റത്. വീടു പൂർണ്ണമായി തകർന്നു.

വേറിട്ട ആദരമൊരുക്കി പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ

കാഞ്ഞങ്ങാട് : അജാനൂർ ഇഖ്ബാൽ ഹയർ സെക്കന്ററി സ്കൂൾ 1980–86 ബാച്ച് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ വ്യത്യസ്ത പുലർത്തുന്ന അനുമോദന ചടങ്ങുകൾ നടത്തി ശ്രദ്ധേയമായി. എല്ലാ വർഷവും വിദ്യാഭ്യാസ മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ അനുമോദിക്കുന്നതിന്റെ ഭാഗമായി ഈ വർഷം ഇഖ്ബാൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്നും എസ്എസ്എൽസിക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ 6 വിദ്യാർത്ഥികൾക്കും 9 എ പ്ലസ് ലഭിച്ച 4 വിദ്യാർത്ഥികൾക്കും, അത് പോലെ ഈ ബാച്ചിലെ സഹപാഠികളുടെ മക്കളിൽ പ്ലസ് ടു വിനും, എസ്എസ്എൽസിക്കും ഉന്നത വിജയം നേടിയ 9 വിദ്യാർത്ഥികൾക്കുമുള്ള സ്നേഹോപഹാരം നൽകി.

കാസർകോട് എടിഎം കവർച്ചയ്ക്ക് ശ്രമം

കാസർകോട്: മീൻ മാർക്കറ്റിനു സമീപത്തു പ്രവർത്തിക്കുന്ന കാനറാ ബാങ്കിന്റെ എടിഎം കൗണ്ടറിൽ കവർച്ചാശ്രമം. ഇന്നലെ രാത്രി നടന്ന സംഭവം ഇന്നുച്ചയോടെയാണ് അറിഞ്ഞത്.

പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

കാർത്തി ചിദംബരത്തിനു കോവിഡ്

ന്യൂദെൽഹി: മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതാവുമായ പി ചിദംബരത്തിന്റെ മകൻ കാർത്തി ചിദംബരത്തിനും കോവിഡ്. അദ്ദേഹം തന്നെയാണ് ഇക്കാര്യം ട്വിറ്ററിലൂടെ അറിയിച്ചത്.

ഇന്നത്തെ സ്വർണ്ണവില

ഗ്രാമിന് : 5020

പവന് : 40160

CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
www.citygoldindia.com

കൃഷിമന്ത്രി വിളിപ്പുറത്ത് പരിപാടി 5ന്

കാസർകോട്: കൃഷിമന്ത്രി വിളിപ്പുറത്ത് എന്ന പരിപാടിയുടെ ഭാഗമായി കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ 5നു വൈകിട്ട് 3 മുതൽ കർഷകരുമായി സംസാരിക്കും.

പരിപാടി കാർഷിക വിവര സങ്കേതത്തിന്റെ ഫേസ്ബുക്ക് പേജിലൂടെ ലൈവായാണ് സംപ്രേഷണം ചെയ്യുന്നത്.

കർഷകർക്ക് 18004251661 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ചോ 9447051661 എന്ന വാട്സപ്പ് നമ്പറിൽ സന്ദേശമയച്ചോ മന്ത്രിയുമായി സംവദിക്കാവുന്നതാണ്.

വ്യാഴാഴ്ച വരെ ജില്ലയിൽ മഴ ശക്തം

കാസർകോട്: ജില്ലയിൽ വ്യാഴാഴ്ച വരെ മഴ ശക്തമായിരിക്കുമെന്നു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

ഇന്നും നാളെയും കാസർകോട് ഉൾപ്പെടെ 11 ജില്ലകളിലും ബുധനാഴ്ച 13 ജില്ലകളിലും ജാഗ്രത പ്രഖ്യാപിച്ചു. യെല്ലോ അലർട്ടും ഏർപ്പെടുത്തിയിട്ടുണ്ട്.

വീട്ടുഷെഡിൽ നിന്നു കർണ്ണാടക മദ്യവും വാറ്റു ചാരായവും പിടിച്ചു

ഷേണിയിൽ നിന്ന് പിടികൂടിയ മദ്യം

പെർള: ഷേണി അരമംഗലയിലെ ജഗദീശ (39)നെ 26 കുപ്പി കർണ്ണാടക മദ്യവും ഏഴു ലിറ്റർ നാടൻ ചാരായവുമായി എക്സൈസ് സംഘം അറസ്റ്റു ചെയ്തു. ഇന്നലെ വൈകിട്ട് ജഗദീശന്റെ വീട്ടിനടുത്തെ ഷെഡ്ഡിൽ നിന്നാണ് മദ്യം പിടികൂടിയത്.

കോവിഡ് അണുബാധക്കെതിരെ കാസർകോട് റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അണുനാശിനി സ്പ്രേ

കാസർകോട് നഗരം അണുവിമുക്തമാക്കൽ ദൗത്യവുമായി കാസർകോട് റോട്ടറി ക്ലബ്ബ്

കാസർകോട് : റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ കാസർകോട് നഗര പ്രദേശം സാനിറ്റർ സ്പ്രേ ചെയ്ത് അണുവിമുക്തമാക്കി. കാസർകോട് പുതിയ ബസ്റ്റാൻഡ്, നഗരസഭയുടെ വിവിധ പ്രദേശങ്ങൾ, വിദ്യാനഗർ, മധൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് മോട്ടോർ പമ്പു ഉപയോഗിച്ച് അണുനാശിനി തളിക്കൽ ആരംഭിച്ചത്. നഗര പ്രദേശങ്ങളിൽ കോവിഡ് അതിവേഗം പടരുന്ന സാഹചര്യത്തിലാണ് വേറിട്ട പരിപാടിയുമായി റോട്ടറി ക്ലബ് മുന്നോട്ട് വന്നത്. വിദ്യാനഗർ പൊലീസ് സ്റ്റേഷനിലെ വനിത സെൽ സബ് ഇൻസ്പെക്ടർ രൂപ മധുസൂദനൻ പുതിയ ബസ്റ്റാൻഡ് പരിസരം അണുനാശിനി തളിച്ച് ഉദ്ഘാടനം ചെയ്തു. റോട്ടറി ക്ലബ് പ്രസിഡന്റ് ഡോ. സി എച്ച് ജനാർദ്ദന നായക്ക്, റോട്ടറി ജില്ലാ സെക്രട്ടറി എം ടി ദിനേശ്, ട്രഷറർ എം കെ രാധാകൃഷ്ണൻ, സെക്രട്ടറി അശോകൻ കുണിയേരി സംസാരിച്ചു.

ചീട്ടുകളി; 6 പേർ പിടിയിൽ

കാഞ്ഞങ്ങാട്: കടവരാന്തയിലിരുന്ന് ചീട്ടുകളിക്കുകയായിരുന്ന ആറുപേർ അറസ്റ്റിൽ. കൊവ്വൽപ്പള്ളി സ്വദേശികളായ പി വി അശോകൻ (60), പി എ ഷൗക്കത്ത് (40), കെ കുഞ്ഞിരാമൻ (54), കെ മഹേഷ് (34), സത്യൻ(49), ഒ വി സുകേഷ് (39) എന്നിവരെയാണ് എസ് ഐ കെ പി വിനോദും സംഘവും ഇന്നലെ വൈകിട്ട് കൊവ്വൽപ്പള്ളിയിൽ വച്ച് അറസ്റ്റു ചെയ്തത്. കളിക്കളത്തിൽ നിന്നു 4050 രൂപയും പിടികൂടി.

കാരുണ്യ: ശ്രീഗണേഷ് ലോട്ടറീസിൽ വീണ്ടും സൗഭാഗ്യം

കാസർകോട്: കേരള സർക്കാരിന്റെ കാരുണ്യ ലോട്ടറിയുടെ 4590മത് നറുക്കെടുപ്പിൽ രണ്ടാം സമ്മാനമായ 5 ലക്ഷം രൂപ കാസർകോട് പുതിയ ബസ്സ്റ്റാന്റിലെ ശ്രീ ഗണേഷ് (സൂര്യ) ലോട്ടറീസ് വിറ്റ ടിക്കറ്റിന് ലഭിച്ചു. കെ.പി.593544 നമ്പർ ടിക്കറ്റിനാണ് ഭാഗ്യം തുണയായത്. ഇക്കഴിഞ്ഞ കാരുണ്യ 457–ാം നറുക്കെടുപ്പിൽ ഒന്നാം സ്ഥാനം ലഭിച്ചതും ശ്രീ ഗണേഷ് ലോട്ടറീസ് വിറ്റ ടിക്കറ്റിനു തന്നെയാണ്. പ്രവീൺ കുമാർ, ഹരീഷ് കുമാർ എന്നിവരാണ് ശ്രീ ഗണേഷ് ലോട്ടറീസിന്റെ ഉടമകൾ. കോവിഡ് കാലത്ത് ഭാഗ്യാന്വേഷികൾക്ക് ലോട്ടറികൾ ആശ്വാസം പകരുന്നതായി ഇവർ അറിയിച്ചു.

ഏത്തടുക്ക– കിന്നിംഗാർ റോഡിൽ ഇന്നലെയുണ്ടായ മണ്ണിടിച്ചിൽ

മണ്ണിടിച്ചിൽ: ഏത്തടുക്ക– കിന്നിംഗാർ റോഡിൽ ഗതാഗതം തടസ്സപ്പെട്ടു

ഏത്തടുക്ക: ഏത്തടുക്ക–കിന്നിംഗാർ റോഡിൽ മണ്ണിടിച്ചിലിനെത്തുടർന്നു ഗതാഗതം തടസ്സപ്പെട്ടു.

ഈ റോഡിലെ കൂട്ടേലുവിൽ റോഡിന്റെ ഇരുഭാഗത്തു നിന്നും മണ്ണിടിഞ്ഞു വീണതിനെ തുടർന്നാണിത്. വൈദ്യുതി പോസ്റ്റുകൾ തകരുകയും വൈദ്യുതി ലൈൻ മണ്ണിനടിയിൽപ്പെടുകയും ചെയ്തു.

വൈദ്യുതി വകുപ്പ് സ്ഥലത്തു പാഞ്ഞെത്തി രാത്രിയോടെ വൈദ്യുതി പുനഃസ്ഥാപിച്ചു. ഇരു ചക്രവാഹനങ്ങൾക്കു സഞ്ചരിക്കാവുന്ന തരത്തിൽ നാട്ടുകാർ മണ്ണു നീക്കം ചെയ്തു.

മണ്ണിടിച്ചിലിനെത്തുടർന്നു കിന്നിംഗാർ– ഏത്തടുക്ക റോഡിൽ ഇരുചക്രവാഹനങ്ങൾ ഒഴികെയുള്ള വാഹനഗതാഗതം പൂർണ്ണമായി തടസ്സപ്പെട്ടിരിക്കുകയാണ്. ഉച്ചയോടെ ഗതാഗതം പുനഃസ്ഥാപിക്കുമെന്നു മരാമത്തധികൃതർ അറിയിച്ചു.

പടുപ്പ് ടൗൺ അണുവിമുക്തമാക്കി

പടുപ്പ്: കുറ്റിക്കോൽ പഞ്ചായത്തിലെ പടുപ്പ് ടൗൺ ഫയർ ഫോഴ്സും പൊലീസ് ലീസും ആരോഗ്യവകുപ്പും അണുവിമുക്തമാക്കി. വിവിധ സന്നദ്ധ സംഘടനകളും രാഷ്ട്രീയ നേതൃത്വവും അണുവിമുക്ത സംഘത്തെ സഹായിച്ചു . യുണൈറ്റഡ് ക്ലബ് പടുപ്പ് സൗഹാർദ്ദ വേദി, പഞ്ചമി ക്ലബ്ബ് , എസ് എസ് എഫ് പടുപ്പ് യൂണിറ്റ്, വിവിധ രാഷ്ട്രീയ യുവജന സംഘടനകൾ ആരോഗ്യ പ്രവർത്തകർക്ക് പിന്തുണയുമായെത്തി ബേഡകം ഇൻസ്പെക്ടർ ഉത്തംദാസ്, ഷമീർ പി എം സുബൈർ പടുപ്പ്, വി നാസർ ഷാഫി സുഹ്രി പടുപ്പ്, ശരീഫ് വാനില, ഷംസീർ മുബാറക്ക്, തൗസീഫ് പടുപ്പ്, സിറാജ്, സുഫൈദ്, മമ്മൂ, ഉനൈസ് നേതൃത്വം നൽകി.

റോഡുപണി ഇഴയുന്നു; റോഡിൽ വാഴനട്ട് നാട്ടുകാർ

കാഞ്ഞങ്ങാട്: പ്രവർത്തി ആരംഭിച്ച് ആറുമാസം കഴിഞ്ഞിട്ടും പണി പൂർത്തിയാകാത്ത റോഡിൽ നാട്ടുകാർ വാഴ നട്ടു.

ബളാൽ –പരപ്പ പന്നിയറിഞ്ഞ കൊല്ലി, അരിങ്കല്ല് ബളാൽ റോഡിന്റെ കയറ്റം കുറയ്ക്കാൻ എം എൽ എ യുടെ ഫണ്ടിൽ നിന്നും 2017 –18ൽ 35 ലക്ഷം രൂപ അനുവദിച്ചിരുന്നു. പണി പൂർത്തിയാക്കാത്തതിനെത്തുടർന്ന് ജീപ്പ് യാത്രയും നിലച്ചതോടെയാണ് ജനങ്ങൾ റോഡിൽ വാഴ നട്ടത്.

അരിങ്കല്ല്– ബളാൽ റോഡ് പ്രവൃത്തി പൂർത്തിയാകാത്തതിൽ പ്രതിഷേധിച്ച് നാട്ടുകാർ റോഡിൽ വാഴനട്ടപ്പോൾ

ജനപ്രതിനിധികൾക്ക് അശ്ലീല വീഡിയോ അയച്ച യുവാവ് അറസ്റ്റിൽ

മലപ്പുറം: ജനപ്രതിനിധികളടക്കമുള്ളവരുടെ ഫോണുകളിലേയ്ക്ക് അശ്ലീല വീഡിയോ അയച്ച യുവാവ് അറസ്റ്റിൽ. മലപ്പുറം, താനൂരിലെ റിജാസ് ആണ് അറസ്റ്റിലായത്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, അയൽക്കൂട്ടം ഭാരവാഹികൾ ഉൾപ്പെടെയുള്ള നൂറുകണക്കിനു പേർക്കാണ് റിജാസ് അശ്ലീല വീഡിയോകൾ അച്ചത്. പെരിന്തൽമണ്ണ എ എസ് പി ഹേമലതയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പ്രതിയെ അറസ്റ്റു ചെയ്തത്.

ജി.വി.എച്ച്.എസ്. ഇരിയണ്ണി 2002 എസ്.എൽ.എൽ.സി. ബാച്ച് അഞ്ച് ടി.വി.കൾ കൈമാറി

ബോവിക്കാനം: കോവിഡ് 19 പ്രതിസന്ധി കാലത്ത് വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കി ഇരിയണ്ണി ഗവ: ഹയർ സെക്കണ്ടറി സ്കൂളിലെ 2002എസ്.എസ്.എൽ.സി. ബാച്ച് മാതൃകയായി. നിർദ്ധന വിദ്യാർത്ഥി കളുടെ പഠനാവശ്യത്തിന് അഞ്ച് ടെലിവിഷനു കളാണ് കൂട്ടായ്മ വിതരണം ചെയ്തത്.

ജി വി എച്ച് എസ് ഇരിയണ്ണി ഒ എസ് എയുടെ ടി വി വിതരണം

മല്ലം വർഡിലെ അമ്മങ്കോട് ഇസ്സത്ത് നഗറിൽ ജി.വി.എച്ച്.എസ്. ഇരിയണ്ണി മുൻ പ്രധാന അധ്യാപകൻ കുഞ്ഞി രാമൻ ഗ്രാമ പഞ്ചായത്ത് അംഗം അനീസ മൻസൂറിനു ടി വി കൈമാറി ഉദ്ഘാടനം ചെയ്തു.

വാർഡ് വികസന സമിതി അംഗം ബി. സി. കുമാരൻ ആധ്യക്ഷം വഹിച്ചു.മുൻ അധ്യാപകൻ ജനാർദ്ദനൻ, പൂർവ്വ വിദ്യാർത്ഥികളായ സ്വരാജ്, അഹമ്മദ് ഇർഷാദ്, ശ്രീരാജ്, രാഗേഷ്, ഷാജു, ധനേഷ്, ധന്യരാജ്, ഗിരീഷ്, നൗഷാദ്, പ്രകാശ് റാവു,കൃഷ്ണൻ, മാധവൻ നമ്പ്യാർ, ഹമീദ്, റഷീദ്, റസാഖ് സംബന്ധിച്ചു.

Vol -27, Issue No -135 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com